പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2431 18.06.2014-ൽ മറുപടിക്ക്

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.പി.വിൻസന്റ്<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയി ലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്; | (എ) ജനങ്ങൾക്ക് സുരക്ഷിതമായി കുടിവെള്ള മെത്തിക്കാൻ ആവിഷ്കരിച്ച് പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി.<br><br>ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണ നിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റെനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾ പ്പെടുത്തിയിട്ടുണ്ട്.<br>ഈ പദ്ധതിയിൽ നിന്നും എസ്.സി./ എസ്.ടി കോളനികളിലേക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br>2009 മുതൽ ഈ പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം എന്ന പേരിലാണ് അറിയപ്പെടുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 171 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകി യിട്ടുണ്ട്. ഇതു കൂടാതെ 707.76 കോടി രൂപയുടെ 49 പദ്ധതികൾ അംഗീകരി ക്കുന്നത് സംബന്ധിച്ച് 2014 ലെ സ്റ്റേറ്റ് ലെവൽ സ്കീം സാങ്കഷനിംഗ് കമ്മിറ്റി പരിശോധിച്ച് വരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 31.03.2014 വരെ 39 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽ നിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച് മികവ് അനുസരിച്ച് 2012-13 ൽ കേന്ദ്രത്തിൽ നിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായും (മൊത്തം 99.70 കോടി രൂപ) 2014 ൽ 67.31 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 2.69 കോടി രൂപ ഇൻ സെന്റീവ് ഫണ്ടായിട്ടും (മൊത്തം 70.00 കോടി രൂപ) ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഗ്രാമീണ ശുദ്ധജല വിതരണത്തിൽ മികവ് കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ | (ഡി) | നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് ഇ - ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയ ത്തിന് പൂർത്തീകരിക്കുന്നതിനു വേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർ ദ്ദേശങ്ങൾ കീഴ് തലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാ ക്കാൻ സാധിക്കുന്നുണ്ട്. ഇതു കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തു വരുന്നു. |

ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ട് അവലോകന യോഗങ്ങൾ നടത്താറുണ്ട്. കൂടാതെ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റെയിൽ വേ, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരെ ഉൾ ക്കൊള്ളിച്ച് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങളും നടത്തി വരുന്നു

സെക്ഷൻ ഓഫീസർ